സഹകരണ നീതി സ്റ്റോറുകളിൽ ജോലി ചെയ്യുന്നവർ

134 (2713) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ നീതി സ്റ്റോറുകളിലായി ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

(ബി) ഏതെല്ലാം തസ്തികയിൽ ; വിശദവിവരം വ്യക്തമാക്കുമോ ;

(സി) ഇവരുടെ നിയമനം എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) കരാർ അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും നിയമിച്ചവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ എത്ര പേരെയെന്ന് വ്യക്തമാക്കാമോ ;

(എഫ്) കരാർ അടിസ്ഥാനത്തിലോ ദിവസക്കൂലി അടിസ്ഥാനത്തിലോ നേരിട്ടോ നിയമിച്ചവർക്ക് നിയമനം നൽകിയത് എഴുത്തു പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലായിരുന്നുവോ ;

(ജി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(എച്ച്) ഇല്ലെങ്കിൽ യോഗ്യതയുള്ളവരെ ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1191 പേർ.

(ബി) സെയിൽസ്മാൻ തസ്തികയിലാണ് ജോലി ചെയ്യുന്നത്.

(സി) പദ്ധതി അനുസരിച്ച് കമ്മീഷൻ വ്യവസ്ഥയിലാണ് നിയമിക്കേണ്ടത്. എന്നാൽ ചില സംഘങ്ങളിൽ നിലവിലുള്ള റഗുലർ ജീവനക്കാരുടെ സേവനം ഇതിനായി മാറ്റി വിനിയോഗിച്ചിട്ടുണ്ട്. ചില സംഘങ്ങളിൽ കോൺട്രാക്ട് അടിസ്ഥാനത്തിലും കൺസോളിഡേറ്റഡ് പേയിലും, ദിവസവേതനത്തിലും താൽക്കാലികമായി ഭരണസമിതികൾ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും ഇല്ല.

(ഇ) ബാധകമല്ല.

(എഫ്-എച്ച്) ക്രമരഹിതമായ നിയമനങ്ങൾ ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly